ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 27.08.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദി - റഷ്യൻ പ്രസിഡൻ്റ് വ്ളാദ്മിർ പുടിനുമായി ടെലിഫോൺ സംഭാഷണം നടത്തി; റഷ്യ-യുക്രൈൻ സംഘർഷം പരിഹരിക്കാൻ ഇന്ത്യയുടെ പൂർണ്ണ പിന്തുണയുണ്ടാകുമെന്ന് പ്രധാനമന്ത്രി.

   Prime Minister Narendra Modi held a telephonic conversation with Russian President Vladimir Putin; Prime Minister assured India's full support to resolve Russia-Ukraine conflict.

2. രാജ്യത്തെ ആരോഗ്യപ്രവർത്തകരുടെ സുരക്ഷ സംബന്ധിച്ച ശുപാർശകൾ തയ്യാറാക്കാനുള്ള കർമ്മ സേനയുടെ ആദ്യ യോഗം ഇന്ന് ന്യൂഡൽഹിയിൽ ചേർന്നു.

   First meeting of National Task Force on safety and security of medical professionals held in Newdelhi today.

3. മദ്യനയ അഴിമതി കേസിൽ ബിആർഎസ് നേതാവ് കെ കവിതയ്ക്ക് ജാമ്യം അനുവദിച്ച് സുപ്രീം കോടതി.

   Supreme Court grants bail to BRS leader K Kavitha in liquor policy scam case.

4. ഹേമ കമ്മിറ്റി റിപ്പോർട്ടിനെ തുടർന്നുണ്ടായ ആരോപണങ്ങളുടെ പശ്ചാത്തലത്തിൽ മലയാള ചലച്ചിത്ര സംഘടനയായ A.M.M.A യുടെ ഭരണസമിതി പിരിച്ചുവിട്ടു.

Malayalam film association A.M.M.A's executive committee dissolved amid allegations following the Hema Committee report.

5. **ഐസിസി വനിതാ ടി20 ലോകകപ്പിനുള്ള ഇന്ത്യൻ ടീമിനെ പ്രഖ്യാപിച്ചു; 15 അംഗ ഇന്ത്യൻ സംഘത്തെ ഹർമൻപ്രീത് കൗർ നയിക്കും.**

In cricket, Indian squad for ICC Women's T20 World Cup announced; Harmanpreet Kaur to lead the 15 member team.

&&&&&&&&&&&&&&&&&&

## PM-PUTIN TALKS

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് റഷ്യൻ പ്രസിഡൻ്റ് വ്ളാദ്മിർ പുടിനുമായി ടെലിഫോൺ സംഭാഷണം നടത്തി. റഷ്യ-യുക്രൈൻ സംഘർഷത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ പ്രധാനമന്ത്രി പുടിനുമായി പങ്കുവച്ചു. ഇന്ത്യയും റഷ്യയും തമ്മിലുള്ള തന്ത്രപരമായ പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളെക്കുറിച്ച് ചർച്ച ചെയ്യുതായും അദ്ദേഹം സാമൂഹ്യമാധ്യമത്തിൽ കുറിച്ചു. യുക്രെയ്നുമായുള്ള സംഘർഷത്തിന് ശാശ്വതവും സമാധാനപരവുമായ പരിഹാരം കണ്ടെത്തുന്നതിൽ ഇന്ത്യയുടെ പൂർണ്ണ പിന്തുണയുണ്ടാകുമെന്ന് പ്രധാനമന്ത്രി ആവർത്തിച്ചു.

&&&&&&&&&&&&&&&&&&

## TASK FORCE – MEETING

രാജ്യത്ത് ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ സുരക്ഷ സംബന്ധിച്ച ശുപാർശകൾ തയ്യാറാക്കാൻ സുപ്രീം കോടതി നിർദേശ പ്രകാരം രൂപീകരിച്ച കർമ്മ സേനയുടെ ആദ്യ യോഗം ഇന്ന് ന്യൂഡൽഹിയിൽ ചേർന്നു. ക്യാബിനറ്റ് സെക്രട്ടറിയുടെ അധ്യക്ഷതയിലാണ് യോഗം ചേർന്നത്. വ്യക്തികളുടെയും സംഘടനകളുടെയും നിർദേശങ്ങൾ തേടുന്നതിനായി കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ ഒരു ദേശീയ പോർട്ടൽ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ ലഭ്യമായ സുരക്ഷാ സംവിധാനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ നൽകാൻ മന്ത്രാലയം സംസ്ഥാനങ്ങളോട് അഭ്യർത്ഥിച്ചു. ആരോഗ്യപ്രവർത്തകരുടെ സുരക്ഷ സംബന്ധിച്ച ഹ്രസ്വകാല നടപടികളെക്കുറിച്ച് ചർച്ച ചെയ്യാൻ സംസ്ഥാന ചീഫ് സെക്രട്ടറിമാരുമായും ഡിജിപിമാരുമായും നാളെ വീണ്ടുംഓൺലൈൻ യോഗം ചേരും.

&&&&&&&&&&&&&&&&&&

## INDIA-BRAZIL MEETING INTRO

ജി-20 അധ്യക്ഷ സ്ഥാനം വഹിക്കുന്ന ബ്രസീലിന് ഇന്ത്യയുടെ പൂർണ പിന്തുണ നൽകുമെന്ന് വിദേശകാര്യ മന്ത്രി എസ് ജയശങ്കർ. ഡൽഹിയിൽ നടന്ന 9-ാമത് ഇന്ത്യ-ബ്രസീൽ സംയുക്ത കമ്മീഷൻ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. നീതിയിൽ അധിഷ്ഠിതമായ ലോകവും സുസ്ഥിര അന്തരീക്ഷവും

കെട്ടിപ്പടുക്കുക എന്ന ആശയങ്ങൾ കേന്ദ്രീകരിച്ചുള്ള ബ്രസീലിൻ്റെ അതുല്യമായ പ്രവർത്തനങ്ങളെ വിദേശകാര്യമന്ത്രി അഭിനന്ദിച്ചു.

*വിശദാംശങ്ങളിലേക്ക്.................*

*(വോയിസ്)*

&&&&&&&&&&&&&&&&&&

## INDIA-BRAZIL MEETING -VOICE

വിദേശകാര്യ മന്ത്രി എസ് ജയശങ്കറും ബ്രസീൽ വിദേശകാര്യ മന്ത്രിയും സഹാദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഇന്ത്യയും ബ്രസീലും തമ്മിൽ വിവിധ മേഖലകളിലുള്ള സഹകരണം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് ചർച്ച നടന്നു. ഇരുരാജ്യങ്ങളും തമ്മിൽ 2006-ൽ സ്ഥാപിതമായ തന്ത്രപരമായ പങ്കാളിത്തം ഇപ്പോൾ വൈവിധ്യപൂർണ്ണമായതായി വിദേശകാര്യ മന്ത്രി അഭിപ്രായപ്പെട്ടു. പ്രതിരോധം, ബഹിരാകാശം, സൈബർ സുരക്ഷ, വ്യാപാരം, നിക്ഷേപം എന്നിവയുൾപ്പെടെ നിരവധി മേഖലകളിൽ ബ്രസീലുമായുള്ള ഉഭയകക്ഷി ബന്ധം വ്യാപിച്ചതായി അദ്ദേഹം എടുത്തുപറഞ്ഞു. ഇന്ത്യൻ സംസ്കാരം, കലകൾ, തത്ത്വചിന്ത

എന്നിവയ്ക്ക് ബ്രസീലിൽ സ്വീകാര്യത വർധിക്കുന്നു എന്നതിൽ സന്തോഷമുണ്ടെന്നും അദ്ദേഹം പറഞ്ഞു. ബ്രസീലിന്റെ അധ്യക്ഷതയിൽ നടക്കുന്ന ജി20 ഉച്ചകോടിക്ക് പിന്തുണ നൽകുന്നതിനൊപ്പം ഇരുരാജ്യങ്ങളും തമ്മിൽ ഉഭയകക്ഷി, പ്രാദേശിക, ബഹുരാഷ്ട്ര മേഖലകളിലെ സഹകരണം ദൃഢമാക്കുന്നതിനുള്ള സാദ്ധ്യതകൾ തേടുമെന്ന് വിദേശകാര്യമന്ത്രാലയം അറിയിച്ചു. വരുന്ന നവംബർ 18, 19 തീയതികളിൽ റിയോ ഡി ജനീറോയിലാണ് ജി20 ഉച്ചകോടി നടക്കുക.

ന്യൂസ്ഡെസ്ക് ആകാശവാണി....

&&&&&&&&&&&&&&&&&&

## WAYANAD KERALA CM- PM

വയനാട് ഉരുൾപൊട്ടലിൽ തകർന്ന പ്രദേശങ്ങളുടെ പുനരുജ്ജീവനത്തിന് കേന്ദ്രസഹായം ആവശ്യപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. വയനാട് ദുരിതാശ്വാസം സംബന്ധിച്ച് സംസ്ഥാന സർക്കാർ വിശദമായ നിവേദനം കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഉരുൾപൊട്ടൽ മേഖലകളിൽ പ്രധാനമന്ത്രി സന്ദർശനം നടത്തിയിരുന്നു.

&&&&&&&&&&&&&&&&&&

## WAYANAD ALL PARTY MEETING

വയനാട് ഉരുൾപൊട്ടൽ ദുരിതബാധിതരുടെ പുനരധിവാസം ചർച്ച ചെയ്യാൻ മുഖ്യമന്ത്രി പിണറായി വിജയൻ സർവകക്ഷിയോഗം വിളിച്ചു. മറ്റന്നാൾ വൈകിട്ട് ഓൺലൈനായാണ് യോഗം. അതേസമയം, ചൂരൽമല, മുണ്ടക്കൈ ഉരുൾപൊട്ടലിനെ തുടർന്ന് ദുരിതാശ്വാസ ക്യാമ്പായി പ്രവർത്തിച്ചിരുന്ന മേപ്പാടി ഹയർ സെക്കൻഡറി സ്കൂളിൽ ഇന്നു മുതൽ അധ്യയനം ആരംഭിച്ചു.

&&&&&&&&&&&&&&&&&&

## CINEMA ENQUIRY

സിനിമാ മേഖലയിലെ വെളിപ്പെടുത്തലുകൾ അന്വേഷിക്കാൻ സംസ്ഥാന സർക്കാർ നിയോഗിച്ച പ്രത്യേക സംഘത്തിന്റെ ആദ്യയോഗം തിരുവനന്തപുരത്ത് ചേർന്നു. സംസ്ഥാന പൊലീസ് മേധാവിയുടെ സാന്നിധ്യത്തിലാണ് യോഗം ചേർന്നത്.

&&&&&&&&&&&&&&&&&&

## AMMA RESIGNATION

ഹേമ കമ്മിറ്റി റിപ്പോർട്ടിന് പിന്നാലെയുണ്ടായ ആരോപണങ്ങളുടെ പശ്ചാത്തലത്തിൽ മലയാള ചലച്ചിത്ര സംഘടനയായ A.M.M.A യുടെ ഭരണസമിതി പിരിച്ചുവിട്ടു. പ്രസിഡന്റ് മോഹൻലാൽ ഉൾപ്പടെ എല്ലാവരും രാജിവച്ചു.

ഭരണ സമിതി രാജി വെച്ചതിനു പിന്നാലെ അഡ്ഹോക് കമ്മിറ്റിക്കാണ് ചുമതല.

&&&&&&&&&&&&&&&&&&

## SC KAVITHA BAIL

ഡൽഹി മദ്യനയവുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിൽ ഭാരത് രാഷ്ട്ര സമിതി നേതാവ് കെ.കവിതയ്ക്ക് സുപ്രീം കോടതി ജാമ്യം നൽകി. ഇവരുടെ ജാമ്യം നിഷേധിച്ചു കൊണ്ട് ഡൽഹി ഹൈക്കോടതി ജൂലൈ ഒന്നിന് പുറപ്പെടുവിച്ച ഉത്തരവ് സുപ്രീം കോടതി റദ്ദാക്കി. കഴിഞ്ഞ മാർച്ച് 15 നാണ് കവിതയെ ഇഡി അറസ്റ്റ് ചെയ്തത്. പിന്നീട് ഏപ്രിൽ 11 ന് CBI ഉം അറസ്റ്റ് രേഖപ്പെടുത്തി. തനിക്കെതിരെ ഉയർന്ന ആരോപണങ്ങളെല്ലാം കവിത നിഷേധിച്ചു.

&&&&&&&&&&&&&&&&&&

## CHAMPAI-BJP

ജാർഖണ്ഡ് മുൻ മുഖ്യമന്ത്രിയും, ജാർഖണ്ഡ് മുക്തി മോർച്ച മുതിർന്ന നേതാവുമായ ചമ്പൈ സോറൻ ബി ജെ പി യി ലേക്ക്. ഈ മാസം 30ന് റാഞ്ചിയിൽ നടക്കുന്ന ചടങ്ങിൽ ചമ്പൈ സോറൻ ബിജെപിയിൽ ചേരുമെന്ന് അസം മുഖ്യമന്ത്രി, ഹിമന്ത ബിശ്വ ശർമ്മ സാമൂഹ്യ മാധ്യമത്തിലൂടെ അറിയിച്ചിരുന്നു. രാഷ്ട്രീയത്തിൽ നിന്ന് വിരമിക്കുന്നതിനെക്കുറിച്ച് ആലോചിച്ചിരുന്നെങ്കിലും, പൊതുജന പിന്തുണയാണ് രാഷ്ട്രീയത്തിൽ സജീവമായി

തുടരാനുള്ള തൻ്റെ തീരുമാനത്തിന് പിന്നിലെന്ന് ബി ജെ പി യിൽ ചേരുന്ന കാര്യം സ്ഥിരീകരിച്ചു കൊണ്ട് സോറൻ ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

&&&&&&&&&&&&&&&&&&

## BJP–MEMBERSHIP

രാജ്യത്തുടനീളം അംഗത്വ ക്യാമ്പയിൻ ആരംഭിക്കാൻ ഒരുങ്ങി ബി.ജെ.പി. അടുത്ത മാസം രണ്ടിന് പാർട്ടി അധ്യക്ഷൻ ജെപി നദ്ദയിൽ നിന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി അംഗത്വം ഏറ്റുവാങ്ങുമെന്നും അതിനുശേഷം അംഗത്വ യജ്ഞം ആരംഭിക്കുമെന്നും ബിജെപി ജനറൽ സെക്രട്ടറി വിനോദ് താവ്ഡെ ന്യുഡൽഹിയിൽ അറിയിച്ചു. നിലവിലുള്ള എല്ലാ അംഗങ്ങളും തങ്ങളുടെ അംഗത്വം പുതുക്കണമെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

## PARIS PARALYMPICS

പാരീസ് പാരാലിമ്പിക്സിന് നാളെ തുടക്കം. 84 അത്ലറ്റുകളാണ് ഇന്ത്യൻ സംഘത്തിലുള്ളത്. അമ്പെയ്ത്തിൽ മെഡൽ പ്രതീക്ഷയുമായി ഏഷ്യൻ പാരാ ഗെയിംസ് സ്വർണ മെഡൽ ജേതാവ് ശീതൽ ദേവി ഇറങ്ങും.

&&&&&&&&&&&&&&&&&&

## WOMENs T20 SQUAD

UAE യിൽ നടക്കാനിരിക്കുന്ന ICC വനിതാ T20 ക്രിക്കറ്റ് ലോകകപ്പിൽ ഇന്ത്യൻ സംഘത്തെ ഹർമൻപ്രീത് കൗർ നയിക്കും. 15 അംഗ ടീമിന്റെ വൈസ് ക്യാപ്റ്റനായി സ്മൃതി മന്ഥാന യേയും തിരഞ്ഞെടുത്തിട്ടുണ്ട്. ഒക്ടോബർ മൂന്ന് മുതൽ 20 വരെയാണ് ലോകകപ്പ് നടക്കുക. ഓസ്ട്രേലിയ, ന്യൂസിലാൻഡ്, പാക്കിസ്ഥാൻ , ശ്രീലങ്ക എന്നിവർക്കൊപ്പം ഗ്രൂപ് A യിലാണ് ഇന്ത്യ. വനിതാ ലോകകപ്പിന്റെ ഒൻപതാം പതിപ്പാണിത്.

&&&&&&&&&&&&&&&&&&

## US OPEN TENNIS

യുഎസ് ഓപ്പൺ ടെന്നീസ് ടൂർണമെന്റിൽ പുരുഷ ലോക ഒന്നാം നമ്പർ താരം യാനിക് സിന്നർ , കാർലോസ് അൽക്കരാസ് , വനിതാ സൂപ്പർ താരം ഇഗാ സ്വാതേക്ക് തുടങ്ങിയവർ ഇന്നിറങ്ങും. ഈ വർഷത്തെ രണ്ടു ഗ്രാൻഡ് സ്ലാമുകൾ നേടിയ താരമാണ് അൽക്കരാസ്. ഉത്തേജക മരുന്ന് കേസിലെ വിധിയ്ക്ക് ശേഷം ഇതാദ്യമായാണ് സിന്നർ മത്സരത്തിന് ഇറങ്ങുന്നത്. 2022 ലെ യുഎസ് ഓപ്പൺ ചാമ്പ്യന്മാരാണ് ഇഗാ സ്വാതേക്ക് ഉം കാർലോസ് അൽക്കരാസും.

&&&&&&&&&&&&&&&&&&

## KERALA RAIN

കേരളത്തിൽ വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ഇടിമിന്നലോടെ

ശക്തമായ മഴയ്ക്കും കാറ്റിനും സാധ്യതയുണ്ട്. നാളെ കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

&&&&&&&&&&&&&&&&&&

## GUJARAT-HEAVY RAINS

ഗുജറാത്തിൽ തുടർച്ചയായ മൂന്നാം ദിവസവും പെയ്യുന്ന കനത്ത മഴ ജനജീവിതത്തെ സാരമായി ബാധിച്ചു. സംസ്ഥാനത്തെ 75 അണക്കെട്ടുകൾ നിറഞ്ഞു കവിയുകയും 45 ലധികം അണക്കെട്ടുകളിൽ അതീവ ജാഗ്രതാ നിർദേശം നൽകുകയും ചെയ്തു. അതേസമയം, ഗുജറാത്തിൽ ഇന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് ചുവപ്പു ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. വെള്ളക്കെട്ട് കാരണം ഗതാഗതം തടസ്സപ്പെടുകയും നിരവധി ട്രെയിനുകൾ റദ്ദാക്കുകയും ചെയ്തു. പ്രളയബാധിത ജില്ലകളിൽ രക്ഷാ-ദുരിതാശ്വാസ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

&&&&&&&&&&&&&&&&&&

## BIHAR FLOOD

ബീഹാറിൽ, ഗംഗ, ഗണ്ഡക്, കോസി, മഹാനന്ദ, തുടങ്ങിയ നദികളിലെ ജലനിരപ്പ് ഉയർന്നതിനെ തുടർന്ന് നിരവധി ഗ്രാമങ്ങൾ വെള്ളത്തിനടിയിലായി. താഴ്ന്ന പ്രദേശങ്ങളിൽ നിന്നും ജനങ്ങളെ സുരക്ഷിത സ്ഥലങ്ങളിലേക്ക് മാറ്റി. പ്രളയബാധിതർക്കായി ദുരിതാശ്വാസ ക്യാമ്പുകൾ തുറക്കുകയും കന്നുകാലികൾക്കും വളർത്തുമൃഗങ്ങൾക്കും

ഭക്ഷണവും ആരോഗ്യ പരിരക്ഷയും ഉറപ്പുവരുത്തുകയും ചെയ്യും.

&&&&&&&&&&&&&&&&&&

## NEW WB-STUDENTS RALLY

കൊൽക്കത്തയിൽ വിവിധയിടങ്ങളിൽ വിദ്യാർത്ഥി പ്രതിഷേധക്കാരും പോലീസും തമ്മിൽ സംഘർഷം. ഹൗറ ബ്രിഡ്ജ്, ഫോർഷോർ റോഡ്, ഹൗറയിലെ സന്ത്രഗാച്ചി എന്നിവിടങ്ങളിൽ വിദ്യാർത്ഥി സംഘടനകളുടെ റാലിക്ക് നേരെ പോലീസ് ലാത്തിച്ചാർജ്ജും ജലപീരങ്കിയും പ്രയോഗിച്ചതായി റിപ്പോർട്ട്. ആർ ജി കർ മെഡിക്കൽ കോളജ് ആശുപത്രിയിലെ ഡോക്ടറുടെ കൊലപാതകത്തിന് ഉത്തരവാദികളായവരുടെ അറസ്റ്റുമായി ബന്ധപ്പെട്ട വിഷയത്തിലാണ് പ്രതിഷേധം ശക്തമായത്. എന്നാൽ റാലിക്കിടെ അക്രമം അഴിച്ചുവിടാൻ ഛിദ്രശക്തികൾ ശ്രമിക്കുമെന്ന രഹസ്യാന്വേഷണ വിവരത്തിൻ്റെ അടിസ്ഥാനത്തിലായിരുന്നു പോലീസ് നടപടിയെന്ന് പശ്ചിമ ബംഗാൾ പോലീസ് അറിയിച്ചു.

&&&&&&&&&&&&&&&&&&

## JK NOMINATION

ജമ്മു കശ്മീരിൽ നിയമസഭാ തിരഞ്ഞെടുപ്പിന്റെ ആദ്യഘട്ട നാമനിർദേശ പത്രിക സമർപ്പണത്തിനുള്ള സമയപരിധി അവസാനിച്ചു. സെപ്റ്റംബർ 18 നാണ് ആദ്യഘട്ട വോട്ടെടുപ്പ്. പത്രികകളുടെ സൂക്ഷ്മപരിശോധന നാളെ നടക്കും.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&&&

&&&&&&&&

&&&&&&

&&&&

&&&

&&

&